# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4126 24.06.2019-ൽ മറുപടിക്ക്

## മലയാള സിനിമയുടെ സമഗ്രവികസനം

**ചോദ്യം**

ശ്രീ.ഐ.ബി.സതീഷ്

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള സിനിമയുടെ സമഗ്രവികസനം ലക്ഷ്യമാക്കി മാറ്റങ്ങളും പരിഷ്കാരങ്ങളും ശിപാർശ ചെയ്ത അടൂർ ഗോപാലകൃഷ്ണൻ റിപ്പോർട്ട് പരിഗണനയിലുണ്ടോ; | (എ) & (ബി) | ശ്രീ.അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളേയും ഉൾക്കൊള്ളിച്ചു കൊണ്ട് സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br><br>പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1958 ലെ സിനിമാ റഗുലേഷൻ ആക്ടും 1988 ലെ സിനിമാ റഗുലേഷൻ റൂളും പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി 20.01.2018 ലെ സ.ഉ.(സാധാ)നം. 30/2018/സാ.കാ.വ, 25.05.2018 ലെ സ.ഉ.(സാധാ) നം.363/2018/സാം.കാ.വ ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.<br><br>കൂടാതെ സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിന്റെ ഭാഗമായി, നിലവിൽ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള സിനിമാട്ടോഗ്രാഫ് ആക്ട്, സിനിമാ റഗുലേഷൻ ആക്ട് എന്നിവ സാംസ്കാരിക വകുപ്പിന്റെ കീഴിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ